ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:01.02.2025**

## പ്രധാനവാർത്തകൾ

1) ജനപ്രിയ പ്രഖ്യാപനങ്ങളും, കർഷകർക്കും മധ്യവർഗ്ഗത്തിനും കരുത്ത് പകരുന്ന തീരുമാനങ്ങളുമായി 2025-26 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൽ അവതരിപ്പിച്ചു.

2) കാർഷിക മേഖലയ്ക്കായി നിരവധി പദ്ധതികൾ. കിസാൻ ക്രെഡിറ്റ് കാർഡ് പരിധി അഞ്ച് ലക്ഷമായി ഉയർത്തും. പ്രതിരോധ മേഖലയ്ക്കായി 6.81 ലക്ഷം കോടി. MSME കൾക്കും, സ്റ്റാർട്ട് അപ്പുകൾക്കും ബജറ്റിൽ പ്രത്യേക പരിഗണന.

3) ആദായ നികുതിയിൽ വൻ ഇളവുകൾ. 12 ലക്ഷം വരെ വാർഷിക വരുമാനമുള്ളവർക്ക് നികുതിയില്ല. നികുതി സ്ലാബുകളും പരിഷ്കരിച്ചു.

4) 36 ജീവൻരക്ഷാ മരുന്നുകളുടെ കസ്റ്റംസ് തീരുവ ഒഴിവാക്കി. മൊബൈൽ ഫോണിനും ഇലക്ട്രിക് വാഹനങ്ങൾക്കും വില കുറയും. നിർമിത ബുദ്ധിയ്ക്ക് ബജറ്റിൽ പ്രത്യേക പ്രാധാന്യം.

RNUTVPM

5) **പട്ടികജാതി - പട്ടിക വർഗ വിഭാഗത്തിൽ നിന്നുള്ള വനിതാ സംരംഭകർക്ക് 2 കോടി രൂപ വരെ വായ്പാ സഹായം. ജൽ ജീവൻ മിഷൻ 2028 വരെ നീട്ടും.**

6) **ഇന്ത്യയുടെ വികസന യാത്രയിലെ നാഴിക കല്ലായി കേന്ദ്ര ബജറ്റ് മാറുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബജറ്റിൽ കേരളത്തെ തീർത്തും അവഗണിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.**

7) **38-മത് ദേശീയ ഗെയിംസിൽ കേരളത്തിന് അഞ്ചാം സ്വർണം.**

*****************************************************************

**ബജറ്റ് ജനറൽ - (ഇൻട്രോ)**

ജനപ്രിയ പ്രഖ്യാപനങ്ങളും, കർഷകർക്കും മധ്യവർഗ്ഗത്തിനും കരുത്ത് പകരുന്ന തീരുമാനങ്ങളുമായി 2025-26 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻ്റിൽ അവതരിപ്പിച്ചു. വികസിത ഭാരതം ലക്ഷ്യമിട്ട് സമഗ്ര വികസനവും, സമൂല പരിഷ്കരണങ്ങളുമാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്. കാർഷിക മേഖല, ഗ്രാമ വികസനം, തൊഴിൽ, നിക്ഷേപം തുടങ്ങി 10 മേഖലകൾ കേന്ദ്രീകരിച്ചായിരിക്കും വികസന പ്രവർത്തനങ്ങൾ.

**(ഹോൾഡ്.....................)**

ആദായ നികുതിയിൽ ഇളവ് വരുത്തിയതും, ജീവൻ രക്ഷാ മരുന്നുകളുടെ കസ്റ്റംസ് തീരുവ ഒഴിവാക്കിയതും ബജറ്റിനെ ജനപ്രിയമാക്കുന്നു. കഴിഞ്ഞ 10 വർഷത്തെ കേന്ദ്ര സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും, പരിഷ്കരണങ്ങളും ആഗോള ശ്രദ്ധ പിടിച്ചു പറ്റിയതായും ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പറഞ്ഞു. അടുത്ത അഞ്ച് വർഷം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അനുകൂലമാണെന്ന ശുഭപ്രതീക്ഷയും ശ്രീമതി സീതാരാമൻ പങ്കുവച്ചു.

*****************************************************************

RNUTVPM

## കൃഷി ബജറ്റ് - (ഇൻട്രോ)

കർഷകരുടെ ക്ഷേമവും കാർഷികോത്പാദന വളർച്ചയും ലക്ഷ്യമിട്ട് നിരവധി സുപ്രധാന പദ്ധതികളാണ് ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. രാജ്യത്തിൻറെ അന്നദാതാക്കളായ കർഷകരുടെ ക്ഷേമം ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാ ബദ്ധമാണെന്ന് ധനമന്ത്രി വ്യക്തമാക്കി.

## വിശദാംശങ്ങളിലേക്ക്........

## (വോയിസ്................)

രാജ്യത്തെ കാർഷിക ഉൽപ്പാദനക്ഷമത കുറഞ്ഞ 100 ജില്ലകളിൽ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 'ധൻ ധാന്യ കൃഷി യോജന' പദ്ധതി നടപ്പാക്കുമെന്ന് ധനമന്ത്രി അറിയിച്ചു. കിസാൻ ക്രെഡിറ്റ് കാർഡിന്റെ പലിശയിളവ് പരിധി മൂന്ന് ലക്ഷത്തിൽ നിന്നും അഞ്ച് ലക്ഷമായി ഉയർത്തും. പയറുവർഗ്ഗങ്ങളുടെയും, എണ്ണക്കുരുക്കളുകടെയും ഉത്പാദനത്തിൽ സ്വയം പര്യാപ്തത ഉറപ്പാക്കാൻ ആറ് വർഷം നീളുന്ന പ്രത്യേക ദൗത്യത്തിന് തുടക്കം കുറിക്കും. പഴം-പച്ചക്കറികൾ, പരുത്തി എന്നിവയുടെ ഉത്പാദനം വർധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കും. അത്യുത്പാദന ശേഷിയുള്ള വിത്തുകൾ വികസിപ്പിക്കാൻ പ്രത്യേക ദൗത്യത്തിന് രൂപം നൽകും. യൂറിയ ഉത്പാദനം വർധിപ്പിക്കുന്നത്തിനായി, അസമിൽ 12.7 ലക്ഷം മെട്രിക് ടൺ ശേഷിയുള്ള പുതിയ യൂറിയ പ്ലാന്റ് സ്ഥാപിക്കുമെന്നും ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി. ന്യൂസ് ഡെസ്ക്, ആകാശവാണി...

PNU TVPM

****************************************************************

## ബജറ്റ് MSME-AI

സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പുകൾക്കും ബഡ്ജറ്റിൽ പ്രത്യേക പരിഗണന. സൂക്ഷ്മ സംരംഭങ്ങൾക്ക് 5 ലക്ഷം രൂപാ പരിധിയിൽ പ്രത്യേക ക്രെഡിറ്റ് കാർഡുകൾ കൊണ്ടുവരും.

മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന കയറ്റുമതി അധിഷ്ഠിത എംഎസ്എംഇകൾക്ക് 20 കോടി രൂപ വരെ വായ്പാസഹായം ഉറപ്പുവരുത്തും. എംഎസ്എംഇകളുടെ നിക്ഷേപ പരിധി രണ്ടര മടങ്ങാക്കാനും, വിറ്റുവരവ് പരിധി ഇരട്ടിയാക്കാനും ബജറ്റിൽ നിർദേശമുണ്ട്. പട്ടികജാതി - പട്ടിക വർഗ വിഭാഗത്തിൽ നിന്നും ആദ്യമായി സംരംഭകരാകുന്ന വനിതകൾക്കായി 2 കോടി രൂപ വരെ ലഭിക്കുന്ന വായ്പാ പദ്ധതി ആവിഷ്കരിക്കും. കളിപ്പാട്ട നിർമാണത്തിലെ ആഗോള ഹബ്ബാക്കി ഇന്ത്യയെ മാറ്റും. പാദരക്ഷ, തുകൽ ഉൽപ്പാദനമേഖലയിൽ പ്രത്യക പദ്ധതി നടപ്പാക്കും. "മേക്ക് ഇൻ ഇന്ത്യ" പദ്ധതിയിലൂടെ MSME-കൾക്കായി ദേശീയ ഉൽപ്പാദന മിഷൻ ആരംഭിക്കും. സ്റ്റാർട്ട് അപ്പുകളുടെ വായ്പാ ഗ്യാരൻറി 20 കോടി രൂപയായും,MSMEകളുടേത് 10 കോടിയായും ഉയർത്തുമെന്നും ധനമന്ത്രി അറിയിച്ചു.

*****************************************************************

<u>**അടിസ്ഥാന സൗകര്യ-ബജറ്റ്**</u>

അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാനങ്ങൾക്ക് 50 വർഷത്തെ പലിശ രഹിത വായ്പ ലഭ്യമാക്കുന്നതിന് <u>1.5 ലക്ഷം കോടി</u> രൂപ ബജറ്റിൽ വകയിരുത്തി. നഗരങ്ങളെ വളർച്ചാ ഹബ്ബുകളായി മാറ്റുന്നതിന് ഒരു ലക്ഷം കോടി രൂപയുടെ അർബൻ ചലഞ്ച് ഫണ്ട് സ്ഥാപിക്കും. ഇതിനായി 10,000 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ജൽ ജീവൻ മിഷൻ 2028 വരെ നീട്ടുകയും, പദ്ധതിക്കായി 67,000 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. പരിഷ്കരിച്ച ഉഡാൻ പദ്ധതിയിലൂടെ അടുത്ത 10 വർഷത്തിനുള്ളിൽ 120 പ്രദേശങ്ങളെ വ്യോമമാർഗ്ഗം ബന്ധിപ്പിക്കുമെന്നും ധനമന്ത്രി പറഞ്ഞു.

*****************************************************************

RNU TVPM

## വിദ്യാഭ്യാസം

വിദ്യാഭ്യാസമേഖലയ്ക്കായി പ്രത്യേക പദ്ധതികളാണ് ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. പാലക്കാട് ഉൾപ്പെടെ അഞ്ച് ഐ.ഐ.റ്റികളിൽ 6500 സീറ്റുകൾ കൂടി അനുവദിക്കും. മെഡിക്കൽ വിദ്യാഭ്യാസത്തിന് 10,000 അധിക സീറ്റുകൾ അടുത്ത 5 വർഷം കൊണ്ട് അനുവദിക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി. സ്കൂളുകളിൽ അൻപതിനായിരം അടൽ ടിങ്കറിങ് ലാബുകൾ ആരംഭിക്കും . എല്ലാ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് ലഭ്യമാക്കും . നൈപുണ്യവികസനത്തിനായി ദേശീയതലത്തിൽ അഞ്ച് മികവിൻറെ കേന്ദ്രങ്ങൾ ആരംഭിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

****************************************************************

## എഐ

നിർമിത ബുദ്ധിയ്ക്ക് പ്രത്യേക പ്രാധാന്യം ബജറ്റിൽ നൽകുന്നു. എ.ഐ വിദ്യാഭ്യാസത്തിനായി മൂന്ന് മികവിൻറെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 500 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയത്.

****************************************************************

## ആണവോർജ്ജം

ആണവ മേഖലയിലെ പരിഷ്കരണം ലക്ഷ്യമിട്ട് നിലവിലെ നിയമങ്ങൾ ഭേദഗതി ചെയ്യുമെന്നും ധനമന്ത്രി അറിയിച്ചു. 2047 ഓടെ 100 ജിഗാവാട്ട് ആണവോർജ്ജ ഉത്പാദനമാണ് രാജ്യം ലക്ഷ്യമിടുന്നത്. 20,000 കോടി രൂപാ ചെലവിൽ സ്മാൾ മോഡുലാർ ആണവ പ്ലാൻറുകൾ ക്രമീകരിക്കുമെന്നും, ഇതിൽ അഞ്ചെണ്ണം 2033 ഓടെ പൂർത്തിയാക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി.

****************************************************************

PNUTVPM

**<u>ബജറ്റ് -വിനോദസഞ്ചാരം</u>**

വിനോദസഞ്ചാര മേഖലയ്ക്ക് ബജറ്റിൽ പ്രത്യേക ഊന്നൽ നൽകും. ഹോം സ്റ്റേകൾ തുടങ്ങാനും, വിനോദസഞ്ചാര മേഖലയിലെ മറ്റ് സേവനങ്ങൾക്കുമായി മുദ്ര ലോണുകൾ അനുവദിക്കും. സ്വകാര്യമേഖലയുമായി സഹകരിച്ച് മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കും. രാജ്യത്തെ മികച്ച 50 വിനോദസഞ്ചാര കേന്ദ്രങ്ങൾ സംസ്ഥാനങ്ങളുടെ പങ്കാളിത്തത്തോടെ വികസിപ്പിക്കും. വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

*****************************************************************

**<u>ബജറ്റ് -മറ്റുള്ളവ</u>**

സാങ്കേതിക ഗവേഷണത്തിന് പിഎം റിസർച്ച് ഫെലോഷിപ്പിലൂടെ 10,000 സ്കോളർഷിപ്പുകൾ നൽകും. സ്വകാര്യ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾക്കായി 20,000 കോടി രൂപയും ബജറ്റിൽ വകയിരുത്തി. കയറ്റുമതി പ്രോത്സാഹനത്തിനായി പ്രത്യേക ദൗത്യം ആരംഭിക്കും. ഇന്ത്യ പോസ്റ്റ് പേയ്മെൻറ് ബാങ്കിൻറെ സേവനം ഗ്രാമീണ മേഖലകളിലേക്കും വ്യാപിപ്പിക്കും. ഗിഗ് തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുകയും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുകയും ചെയ്യും. തെരുവോര കച്ചവടക്കാർക്ക് മുപ്പത്തിനായിരം രൂപവരെ പരിധിയുള്ള U.P.I ലിങ്ക്ഡ് ക്രെഡിറ്റ് കാർഡുകൾ നൽകും പോഷകാഹാരം ഉറപ്പാക്കാൻ സക്ഷം അംഗൻവാടി, പോഷൺ 2.0 എന്നിവ നടപ്പിലാക്കും. ഇൻഷുറൻസ് മേഖലയിൽ 100 ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിക്കും. കെ വൈ സി നടപടികൾ ലഘൂകരിക്കും. കേന്ദ്ര <u>KYC Registry</u> ഈ വർഷം ആരംഭിക്കാനും ബജറ്റിൽ നിർദേശിക്കുന്നു.

*****************************************************************

RNU TVPM

**<u>ബജറ്റ് മത്സ്യമേഖല</u>**

പ്രത്യേക സാമ്പത്തിക മേഖലകളിൽ ഉൾപ്പെടെ സുസ്ഥിര മത്സ്യബന്ധനം ഉറപ്പാക്കാൻ ബജറ്റ് വിഭാവനം ചെയ്യുന്നു. ആൻഡമാൻ നിക്കോബാറിനും, ലക്ഷദ്വീപിലും ഫിഷറീസ് മേഖലയിൽ പ്രതേക പരിഗണന ഇതിലൂടെ നൽകും.

സമുദ്ര മേഖലയ്ക്കായി <u>25,000 കോടി രൂപയുടെ</u> വികസന ഫണ്ട് രൂപികരിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

****************************************************************

**<u>ബ്രേക്ക്......</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

****************************************************************

**<u>ആദായനികുതി - (ഇൻട്രോ)</u>**

ആദായനികുതിയിൽ വൻ ഇളവുകളാണ് ഇക്കുറി കേന്ദ്ര ബജറ്റിലുള്ളത്. പുതിയ നികുതി സമ്പ്രദായത്തിന് കീഴിൽ, 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെ ആദായ നികുതിയിൽ നിന്നും പൂർണമായും ഒഴിവാക്കി. നികുതി സ്ലാബുകളും പരിഷ്കരിച്ചു.

**വിശദാംശങ്ങളിലേക്ക്....**

**(വോയിസ്..................)**

മധ്യവർഗ്ഗത്തിന് ഏറെ പ്രതീക്ഷ പകരുന്ന മാറ്റങ്ങളാണ് ആദായ നികുതിയിൽ ഇക്കുറി കേന്ദ്രസർക്കാർ വരുത്തിയിരിക്കുന്നത്.

പുതുക്കിയ സ്ലാബ് പ്രകാരം നാല് ലക്ഷം വരെ - ആദായനികുതി ഇല്ല,

നാല് മുതൽ 8 ലക്ഷം വരെ - അഞ്ച് ശതമാനവും,

8 മുതൽ 12 ലക്ഷം വരെ - 10 ശതമാനവും

12 മുതൽ 16 ലക്ഷം വരെ - 15 ശതമാനവും

16 മുതൽ 20 ലക്ഷം വരെ - 20 ശതമാനവുമാണ് ആദായനികുതി.

20 മുതൽ 24 ലക്ഷം വരെ - 25 ശതമാനവും

24 ലക്ഷത്തിന് മുകളിൽ 30 ശതമാനവും നികുതി

RNU TVPM

ഈടാക്കും. സാധാരണക്കാർക്ക് 80,000 രൂപ വരെ പുതിയ ആദായ നികുതി ഘടനയിലൂടെ ലാഭിക്കാൻ കഴിയും. മുതിർന്ന പൗരൻമാരുടെ ടി ഡി എസ് പരിധി ഒരു ലക്ഷമായി ഉയർത്തി. ശമ്പളം കൈപ്പറ്റുന്ന ജീവനക്കാർക്ക് സ്റ്റാൻഡേർഡ് ഡിഡക്ഷൻ ഉൾപ്പെടെ 12.75 ലക്ഷം വരെയുള്ള വാർഷിക വരുമാനത്തിന് ആദായനികുതി ഉണ്ടാവില്ല. പുതുക്കിയ ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി 2 വർഷത്തിൽ നിന്ന് 4 വർഷമാക്കി. ആദായ നികുതി ഘടന ലളിതമാക്കുമെന്നും പുതിയ ആദായനികുതി ബിൽ അടുത്തയാഴ്ച പാർലമെന്റിൽ അവതരിപ്പിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

ന്യൂസ് ഡെസ്ക്, ആകാശവാണി....

**************************************************************

## <u>ബജറ്റ് - വില കുറയും</u>

കാൻസർ അടക്കം ഗുരുതര രോഗങ്ങൾക്കുള്ള 36 ജീവൻ രക്ഷാമരുന്നുകളെ കസ്റ്റംസ് തീരുവയിൽ നിന്ന് ഒഴിവാക്കി. 6 ജീവൻ രക്ഷാ മരുന്നുകളുടെ കസ്റ്റംസ് തീരുവ 5 ശതമാനമാക്കി കുറച്ചു. രാജ്യത്തെ എല്ലാ ജില്ലകളിലും കാൻസർ ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കാനും ബജറ്റിൽ ലക്ഷ്യമിടുന്നു. ലിഥിയം ബാറ്ററികളുടെ കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കി. മൊബൈൽ ഫോണുകൾക്കും ഇലക്ട്രിക് വാഹനങ്ങൾക്കും വില കുറയും. നിർദ്ദിഷ്ട ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്ക് നികുതി ഒഴിവാക്കുമെന്നും ധനമന്ത്രി അറിയിച്ചു.

**************************************************************

## <u>എസ്റ്റിമേറ്റ് - ബജറ്റ്</u>

നികുതിയിതര വരുമാനം അടുത്ത സാമ്പത്തിക വർഷത്തിൽ 34.96 ലക്ഷം കോടി രൂപ പ്രതീക്ഷിക്കുന്നതായി ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. 28.37 ലക്ഷം കോടിയുടെ നികുതി വരുമാനവും വരുംവർഷം പ്രതീക്ഷിക്കുന്നു. 50.65 ലക്ഷം കോടി

RNU TVPM

രൂപയാണ് മൊത്തം ചെലവ് കണക്കാക്കുന്നത്. ധനക്കമ്മി ഇക്കൊല്ലത്തെ 4.8 ശതമാനത്തിൽ നിന്നും, 2026 ൽ 4.4 ശതമാനമായി കുറയുമെന്നും ബജറ്റിൽ പറയുന്നു.

*************************************************************

**ബജറ്റ് - രാഷ്ട്രപതി, ധനമന്ത്രി**

മൂന്നാം നരേന്ദ്രമോദി സർക്കാരിൻറെ ആദ്യ സമ്പൂർണ്ണ ബജറ്റാണ് ധനമന്ത്രി ഇന്ന് പാർലമെൻറിൽ അവതരിപ്പിച്ചത്. രാഷ്ട്രപതി ഭവനിലെത്തി, രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്നും മധുരം സ്വീകരിച്ച ശേഷമാണ് ധനമന്ത്രി പാർലമെൻറിലേക്കെത്തിയത്. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന കേന്ദ്രമന്ത്രിസഭായോഗം തുടർന്ന് ബജറ്റിന് അംഗീകാരം നൽകി. ബജറ്റ് പ്രസംഗം ഒരു മണിക്കൂറും 14 മിനുട്ടും നീണ്ടു. ശ്രീമതി നിർമല സീതാരാമൻറെ എട്ടാം ബജറ്റ് അവതരണത്തിനാണ് പാർലമെൻറ് ഇന്ന് വേദിയായത്.

*************************************************************

**ബജറ്റ് - പ്രതിപക്ഷ ബഹളം**

പ്രതിപക്ഷ ബഹളത്തിനിടെയാണ് ധനമന്ത്രി ഇന്ന് ബജറ്റ് പ്രസംഗം പൂർത്തിയാക്കിയത്. നടപടിക്രമങ്ങൾ ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം പ്രതിഷേധം ആരംഭിച്ചു. കുംഭമേളയിലെ അപകടം ചൂണ്ടിക്കാട്ടി വിവിധ പ്രതിപക്ഷ കക്ഷികൾ  വാക്ക് ഔട്ടും നടത്തി.

*************************************************************

**പ്രധാനമന്ത്രി ബജറ്റ് - (ഇൻട്രോ)**

രാജ്യത്തെ 140  കോടി ജനങ്ങളുടെ അഭിലാഷങ്ങൾ  നിറവേറ്റുക എന്ന കേന്ദ്ര സർക്കാരിൻറെ  പ്രതിബദ്ധതയുടെ പ്രതിഫലനമാണ് ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ വികസന യാത്രയിൽ നാഴിക കല്ലായി ഈ ബജറ്റ് മാറുമെന്നും, രാജ്യ വളർച്ചയ്ക്ക് ഇത് ആക്കം കൂട്ടുമെന്നും അദ്ദേഹം  വീഡിയോ സന്ദേശത്തിൽ പറഞ്ഞു.

**(വോയിസ്.................)**

RNU TVPM

കാർഷിക മേഖലയ്ക്കും ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്കുമുള്ള പ്രോത്സാഹനമാണ് കേന്ദ്ര ബജറ്റെന്നും, ആദായ നികുതിയിലെ ഇളവ് മധ്യവർഗത്തിന് ഏറെ പ്രയോജനപ്പെടുമെന്നും ശ്രീ മോദി വ്യക്തമാക്കി.

*************************************************************

**<u>രാജ് നാഥ് സിങ് ബജറ്റ് – (ഇൻട്രോ)</u>**

പ്രതിരോധ മേഖലയ്ക്ക് 6.81 ലക്ഷം കോടി രൂപ കേന്ദ്ര ബജറ്റിൽ വകയിരുത്തി. രാജ്യത്തിൻറെ പ്രതിരോധ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് വലിയ ഉത്തേജനമാണ് ബജറ്റ് നൽകുകയെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. **ഒരു ലക്ഷത്തി 80,000 കോടി** രൂപയുടെ മൂലധന വിഹിതം പ്രതിരോധ സേനകളുടെ ആധുനികവത്കരണത്തിനും ക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായകമാകുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

**(ഹോൾഡ്.....................)**

*************************************************************

**<u>ശിവ് രാജ് സിങ് ചൗഹാൻ</u>**

കിസാൻ ക്രെഡിറ്റ് കാർഡിൻറെ പലിശയിളവ് പരിധി ഉയർത്തിയത് കർഷകർക്ക് വലിയതോതിൽ ഗുണം ചെയ്യുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഗ്രാമീണ മേഖലയുടെ വികസനത്തിനായി കേന്ദ്ര ബജറ്റിൽ **<u>ഒരു ലക്ഷത്തി 88,754</u>** കോടി രൂപ വകയിരുത്തിയതായും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

*************************************************************

**<u>റെയിൽവേ</u>**

<u>രണ്ട് ലക്ഷത്തി 52,000</u> കോടി രൂപയാണ് റെയിൽവേയ്ക്കായി കേന്ദ്ര ബജറ്റിൽ വകയിരുത്തിയത്. അമൃത് ഭാരത് ട്രെയിൻ പുതിയ റെയിൽവേ ലൈനുകളുടെ വികസനം തുടങ്ങിയവയ്ക്കായി അനുവദിച്ച

RNU TVPM

4.6 ലക്ഷം കോടി രൂപയുടെ പദ്ധതി യാത്രക്കാർക്ക് മികച്ച യാത്രാനുഭവം സൃഷ്ടിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു

*****************************************************************

**രാഹുൽഗാന്ധി**

ആഗോളതലത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യത്തിൽ, രാജ്യത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മാതൃകാപരമായ മാറ്റങ്ങളായിരുന്നു ബജറ്റിൽ കൊണ്ടുവരേണ്ടി യിരുന്നതെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. അത്തരം നിർദേശങ്ങൾ ഉൾപ്പെടുത്തുന്നതിൽ ബജറ്റ് തീർത്തും പരാജയപ്പെട്ടതായും അദ്ദേഹം വിമർശിച്ചു. തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള കാതലായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ ബജറ്റ് പരാജയപ്പെട്ടതായി കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗേ പറഞ്ഞു.

RNU TVPM

*****************************************************************

**ബജറ്റ് -മുഖ്യമന്ത്രി, ഇൻട്രോ**

കേരളത്തിൻറെ പ്രധാന ആവശ്യങ്ങളെയാകെ നിരാകരിച്ച കേന്ദ്രബജറ്റിലെ സമീപനം പ്രതിഷേധാർഹമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തിനായി 24,000 കോടി രൂപയുടെ പ്രത്യേക പാക്കേജ്, വയനാട് പുനരധിവാസത്തിനും വിഴിഞ്ഞം പദ്ധതിക്കുമായി സാമ്പത്തിക പിന്തുണ തുടങ്ങി സംസ്ഥാനത്തിൻറെ എല്ലാ ആവശ്യങ്ങളും അവഗണിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്ര ബജറ്റിൽ കേരളത്തിന് ന്യായമായ പരിഗണന പോലും ലഭിച്ചില്ലെന്ന് സംസ്ഥാന ധന മന്ത്രി കെ എൻ ബാലഗോപാൽ പ്രതികരിച്ചു. എല്ലാ സംസ്ഥാനങ്ങളോടും തുല്യ നിലയിലുള്ള സമീപനമല്ല കേന്ദ്ര സർക്കാർ സ്വീകരിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

**(ഹോൾഡ്........)**

കേന്ദ്ര ബജറ്റ് കേരളത്തിന് നിരാശജനകമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രതികരിച്ചു. എംയിസ് ഉൾപ്പെടെ കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങൾ ബജറ്റിൽ അനുവദിക്കാത്തത് പ്രതിഷേധാർഹമാണെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സ്ത്രീകൾക്കും കർഷകർക്കും യുവാക്കൾക്കും ഇത്രയും അധികം ആനുകൂല്യങ്ങൾ കിട്ടിയ മറ്റൊരു ബഡ്ജറ്റ് രാജ്യം കണ്ടിട്ടില്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ ചൂണ്ടിക്കാട്ടി.

*************************************************************

**ബജറ്റ് പ്രത്യേക പരിപാടി**

കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ട് ആകാശവാണി തിരുവനന്തപുരം വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി ഇന്ന് രാത്രി 7.35 ന് കേൾക്കാം.

*************************************************************

**നാഷണൽ ഗെയിംസ്**

38മത് ദേശീയ ഗെയിംസിൽ ഇന്ന് മൂന്ന് സ്വർണം നേടി ഉജ്വലപ്രകടനവുമായി കേരളം. വുഷുവിൽ കെ മുഹമ്മദ് ജാസിലും, നീന്തലിൽ സജൻ പ്രകാശും, ഹർഷിതാ ജയറാമുമാണ് ഇന്ന് സ്വർണം നേടിയത്. 5 സ്വർണം ഉൾപ്പെടെ 9 മെഡലുകളുമായി ഗെയിംസിൽ 7 ആം സ്ഥാനത്താണ് കേരളം. സർവീസസും കർണാടകയും മഹാരാഷ്ട്രയുമാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ.

*************************************************************

*************************************************************

******************************

RNU TVPM